# നീരയ്ക്ക് സഹായമില്ല; കേര കർഷകർ സമരത്തിലേക്ക്

കൊച്ചി: നീര ഉത്പാദനത്തിൽ കമ്പനികൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കാൻ സർക്കാർ വാഗ്ദാനം ചെയ്ത സഹായങ്ങൾ വെറുംവാക്കാകുന്നു. ഇത് സംസ്ഥാനത്തെ നീര ഉത്പാദന മേഖലയെ തുടക്കത്തിൽ തന്നെ പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. ഈ സാഹചര്യത്തിൽ നീര ഉത്പാദക കമ്പനികളുടെ നേതൃത്വത്തിൽ കർഷകർ സമരത്തിലേക്ക് നീങ്ങുകയാണ്.

നാളികേര വികസന ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഉത്പാദക കമ്പനികളുടെ കൂട്ടായ്മയായ 'കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള' ആണ് സമരത്തിന് ആഹ്വാനം നൽകിയിരിക്കുന്നത്. മെയ് 11ന് കളക്ടറേറ്റ് ധർണയും 18 മുതൽ സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാര സമരവുമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

നീര സംഭരണവും സംസ്കരണവും നടത്തുന്നതിന് 2013-14 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ ഗ്രാൻറ്, പ്ലാൻറ് നിർമാണം പൂർത്തിയാക്കുന്ന മുറയ്ക്ക് കമ്പനികൾക്ക് കൈമാറുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. വീണ്ടും ഫിബ്രവരി 26ന് കൊല്ലം കൈപ്പുഴ കമ്പനിയുടെ പ്ലാൻറ് ഉദ്ഘാടന വേളയിൽ നീരയ്ക്കായി മാറ്റിവെച്ച തുക മാർച്ച് 30നകം നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ, വാഗ്ദാന ലംഘനം നടത്തുകയും തുക ലാപ്സാവുകയും ചെയ്ത സാഹചര്യത്തിലാണ് സമരത്തിനിറങ്ങുന്നതെന്ന് കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു. ഇത്തവണത്തെ ബജറ്റിൽ നീരയ്ക്കായി അനുവദിച്ച 30 കോടി രൂപ എത്രയും പെട്ടെന്ന് നാളികേര വികസന ബോർഡിന് കീഴിൽ രൂപവത്കരിച്ച പ്രൊഡ്യൂസർ കമ്പനികൾക്ക് നൽകുക, നീര ലൈസൻസിന് അപേക്ഷിച്ച മുഴുവൻ ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുക, സർക്കാർ അധീനതയിലുള്ള പുറംപോക്ക് ഭൂമി ഉത്പാദക കമ്പനികൾക്കും ഫെഡറേഷനുകൾക്കും പദ്ധതികൾ നടപ്പിലാക്കാൻ വിട്ടുനൽകുക എന്നീ ആവശ്യങ്ങളും കൺസോർഷ്യം മുന്നോട്ടുവെയ്ക്കുന്നുണ്ട്. പച്ചത്തേങ്ങ, കൊപ്ര സംഭരണത്തിന് ഫെഡറേഷനുകൾക്കും കമ്പനികൾക്കും റിവോൾവിങ് ഫണ്ട് അനുവദിക്കണമെന്നതാണ് മറ്റൊരാവശ്യം.